# 18. ന്യൂനപക്ഷങ്ങളും മതനിരപേക്ഷതയും

1988 നവംബർ 14 മുതൽ ഒരു വർഷത്തേക്ക് ഇന്ത്യയിൽ നെഹ്റു ശതാബ്ദി ആഘോഷിക്കപ്പെടുകയാണ്. ശതാബ്ദ്യാഘോഷങ്ങളുടെ ഭാഗമായി, ക്യാബിനററ് സെക്രട്ടേറിയററിലെ ഇംപ്ലിമെൻേറഷൻ കമ്മിററിയുടെ ആഭിമുഖ്യത്തിൽ 'യുവജനങ്ങളും മനുഷ്യവിഭവങ്ങളും', 'പരിസ്ഥിതി', 'സ്ത്രീകളും ശിശുവികസനവും', 'സ്വയംസേവക സ്ഥാപനങ്ങളുടെ പങ്ക്', 'ദേശീയ മൂല്യങ്ങൾ' 'ന്യൂനപക്ഷങ്ങളും മതനിരപേക്ഷതയും' എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് ആറു ദേശീയ സെമിനാറുകൾ യഥാക്രമം ബോംബെ, ഡെഹറാഡൂൺ, ജയ്പുർ, മദ്രാസ്, കല്ക്കത്ത, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ നടക്കുകയുണ്ടായി. ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളിൽ സ്വതന്ത്രഭാരതം നേടിയ പുരോഗതി വിലയിരുത്തുകയും ശക്തി–ദൗർബല്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഭാവിപ്രവർത്തനത്തിനുള്ള നിർദേശങ്ങൾ സമർപ്പിക്കുകയുമായിരുന്നു ഈ സെമിനാറുകളുടെ ലക്ഷ്യം. ഇവയിൽ, 'ന്യൂനപക്ഷങ്ങളും മതനിരപേക്ഷതയും' എന്ന വിഷയത്തെക്കുറിച്ചുള്ള അവസാനത്തെ സെമിനാർ ഇക്കഴിഞ്ഞ ഏപ്രിൽ 22, 23 തീയതികളിൽ തിരുവനന്തപുരത്തു നടന്നു. കേരള ഗവണ്മെൻറിൻെറ മാനേജ്മെൻറ് ഇൻസ്റ്റിററ്യൂട്ടാണ് ഈ സെമിനാർ സംഘടിപ്പിച്ചത്. ഉപരാഷ്ട്രപതി ശങ്കർ ദയാൽ ശർമ, കേരള ഗവർണർ രാംദുലാരി സിൻഹ, ഇ. എം. എസ്. നമ്പൂതിരിപ്പാട്, കെ. കരുണാകരൻ, വി. ആർ. കൃഷ്ണയ്യർ, ജി. രാമചന്ദ്രൻ, ആർച്ച് ബിഷപ്പ് ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ്, എ. എം. തോമസ്, പ്രൊഫ. കെ. എ. ജലീൽ, പ്രൊഫ. വി. കെ. സുകുമാരൻനായർ, പ്രൊഫ. ടി. കെ. ഉമ്മൻ, പ്രൊഫ. എം. എം. തോമസ്, പ്രൊഫ. എം. വി. പൈലി, മിർസാ അൻസാർ ബേഗ്, മൂർക്കോത്ത് രാമുണ്ണി, അശോക് ബാപ്ന മുതലായി പൊതുജീവിതത്തിൻെറയും വിജ്ഞാനത്തിൻെറയും വിവിധ മേഖലകളിൽ പ്രശസ്തിയാർജിച്ച പലരും ഈ സെമിനാറിൽ പങ്കെടുക്കുകയുണ്ടായി. സെമിനാറിലെ 'മതനിരപേക്ഷതയും ദേശീയ ഐക്യവും' എന്ന വിഷയം സംബന്ധിച്ച യോഗത്തിൽ സന്നിഹിതനാവാൻ എനിക്കും അവസരം ലഭിച്ചു.

സെമിനാറിലെ മുഖ്യ പ്രബന്ധം അവതരിപ്പിച്ച ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇന്ത്യയുടെ ദേശീയ–ഉദ്ഗ്രഥനത്തിന് ഇന്നു നേരിടുന്ന ഏററവും വലിയ ഭീഷണി ഹിന്ദു പുനരുത്ഥാനവാദം (റിവൈവലിസം) ആണെന്നു പ്രസ്താവിച്ചു. കാരണം, പുനരുത്ഥാനവാദം പ്രതിനിധാനംചെയ്യുന്നത് ഭൂരിപക്ഷത്തിൻെറ വർഗീയ–മതമൗലിക വാദത്തെയാണ്. മാത്രമല്ല, ഹിന്ദുവർഗീയവാദത്തിൻെറ മുഖ്യ പ്രയോക്താവായ ആർ. എസ്. എസ്സിന് ഏതു പിരിമുറുക്കത്തെയും വർഗീയ ലഹളകളാക്കി മാററുന്നതിനു പര്യാപ്തമായ അർദ്ധഫാഷിസ്റ്റ് സംഘടനയുമുണ്ട്. അതിനാൽ, ഏററവും വലിയ അഖിലേന്ത്യാ രാഷ്ട്രീയകക്ഷിയും കേന്ദ്രത്തിലെ ഭരണകക്ഷിയുമായ കോൺഗ്രസ് എല്ലാ പ്രതിപക്ഷകക്ഷികളുമായി കൂടിയാലോചിച്ച് ഹിന്ദു വർഗീയവാദ ഭീഷണിക്കെതിരെ ജനങ്ങളെ അണിനിരത്തണമെന്നും അതേ സമയം മുസ്ലിം വർഗീയവാദം, മററ് അഹിന്ദു–വർഗീയവാദങ്ങൾ, ജാതിവാദം, പ്രാദേശികവാദം മുതലായവയുമായി ഒത്തുതീർപ്പുകൾ ഉണ്ടാക്കാതിരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

മതനിരപേക്ഷത എന്ന സങ്കല്പത്തിന് ഡോക്ടർ രാധാകൃഷ്ണൻ നൽകിയ വ്യാഖ്യാനം തൻെറ പ്രബന്ധത്തിൽ പ്രൊഫ. എം. വി. പൈലി ഉദ്ധരിച്ചു. പ്രസിദ്ധമെങ്കിലും ആവർത്തനക്ഷമമായ ഈ വ്യാഖ്യാനം താഴെ ചേർക്കാം.

'ഇന്ത്യ ഒരു മതനിരപേക്ഷ രാഷ്ട്രമാണെന്നു പറയുന്നതിനർത്ഥം, ഒരു അദൃശ്യ ചൈതന്യത്തിന്റെ യാഥാർത്ഥ്യത്തെയോ ജീവിതത്തിൽ മതത്തിനുള്ള പ്രസക്തിയെയോ നാം നിഷേധിക്കുന്നുവെന്നോ നിർമതത്വത്തെ നാം വാഴ്ത്തുന്നുവെന്നോ അല്ല. മതനിരപേക്ഷത ഇവിടെ ഒരു മതമായിത്തീരുന്നു എന്നും രാഷ്ട്രം ദൈവികാധികാരങ്ങൾ കൈയിലേന്തുന്നുവെന്നും അതിനർത്ഥമില്ല. ഇന്ത്യൻ പാരമ്പര്യത്തിന്റെ അടിസ്ഥാനതത്ത്വം സർവേശ്വരനിലുള്ള വിശ്വാസമാണെങ്കിലും ഇന്ത്യൻ രാഷ്ട്രം ഏതെങ്കിലുമൊരു പ്രത്യേക മതവുമായി സാത്മ്യപ്പെടുകയോ അതിനാൽ നിയന്ത്രിക്കപ്പെടുകയോ ഇല്ല എന്നേ മതനിരപേക്ഷതകൊണ്ട് നാം അർത്ഥമാക്കുന്നുള്ളൂ. ഏതെങ്കിലും ഒരു മതത്തിന് പ്രത്യേക പദവി നൽകുകയോ സവിശേഷമേന്മ കല്പിക്കുകയോ പാടില്ലെന്നും രാഷ്ട്രജീവിതത്തിലും അന്താരാഷ്ട്രീയ ബന്ധങ്ങളിലും ഏതെങ്കിലുമൊരു മതത്തിന് പ്രത്യേകാവകാശങ്ങൾ ഉണ്ടായിക്കൂടെന്നും നാം വിശ്വസിക്കുന്നു. ഏതെങ്കിലുമൊരു മതത്തിന് പ്രത്യേക പരിഗണന നൽകുന്നത് ജനാധിപത്യതത്ത്വങ്ങൾക്കും മതത്തിന്റെയും സർക്കാരിന്റെയും ഉത്തമ താല്പര്യങ്ങൾക്കും എതിരായിരിക്കും. മതപരമായ നിഷ്പക്ഷതയും ധാരണയും സഹിഷ്ണുതയും സംബന്ധിച്ച ഈ വീക്ഷണത്തിന് രാഷ്ട്രജീവിതത്തിലും അന്താരാഷ്ട്രീയജീവിതത്തിലും പ്രവചനോചിതമായ ഒരു പങ്കു നിർവഹിക്കുവാനുണ്ട്. തങ്ങൾ മറ്റുള്ളവർക്കു നിഷേധിക്കുന്ന അധികാരങ്ങളും പ്രത്യേക അവകാശങ്ങളും തങ്ങൾക്കുണ്ടെന്ന് പൗരന്മാരുടെ ഒരു വിഭാഗവും അഹങ്കരിച്ചുകൂടാ. സ്വന്തം മതം കാരണമായി ഒരുതരം കഴിവുകേടും വിവേചനവും ഒരാൾക്കും ഉണ്ടായിക്കൂടാ. പൊതുജീവിതത്തിൽ പൂർണമായി പങ്കുകൊള്ളുവാൻ എല്ലാവർക്കും തുല്യമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. മതവും ഭരണകൂടവും തമ്മിൽ വേർതിരിക്കണമെന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനതത്ത്വം ഇതാണ്. ഇന്ത്യൻ രാഷ്ട്രത്തിന്റെ മതനിഷ്പക്ഷതയെ പാശ്ചാത്യരുടെ സെക്യുലറിസം, നാസ്തികത്വം എന്നിവയുമായി കൂട്ടിക്കുഴയ്ക്കരുത്. ഇവിടെ നിർവചിച്ച അർത്ഥത്തിലുള്ള മതനിരപേക്ഷത ഇന്ത്യയുടെ പ്രാചീനപാരമ്പര്യത്തിന് ഇണങ്ങിയതാണ്. വ്യക്തിയുടെ ഗുണങ്ങളെ സമൂഹമനസ്സിനു കീഴ്പെടുത്തിയല്ലാതെ അവയെ പരസ്പരം പൊരുത്തപ്പെടുത്തിക്കൊണ്ട് വിശ്വാസികളുടെ ഒരു കൂട്ടായ്മ പണിതുയർത്തുവാനാണ് ഈ മതനിരപേക്ഷത ശ്രമിക്കുന്നത്.'

ഇന്ത്യൻ ഭരണഘടന വിഭാവനംചെയ്യുന്ന മതനിരപേക്ഷ ജനാധിപത്യത്തിന്റെ സവിശേഷതകൾ പ്രൊഫ. പൈലി ഇങ്ങനെ നിർധാരണംചെയ്യു:

1. ഇന്ത്യൻ ഭരണകൂടം ഏതെങ്കിലുമൊരു മതവുമായി സാത്മ്യപ്പെടുകയോ ഏതെങ്കിലുമൊരു മതത്താൽ നിയന്ത്രിക്കപ്പെടുകയോ ഇല്ല.
2. തങ്ങൾക്കിഷ്ടമുള്ള മതം അനുഷ്ഠിക്കാൻ എല്ലാ ഭാരതീയ പൗരന്മാർക്കും സ്വാതന്ത്ര്യമുണ്ട്. സന്ദേഹവാദിയോ നാസ്തികനോ ആവാൻ പൗരനുള്ള സ്വാതന്ത്ര്യംകൂടി ഇതിൽ ഉൾപ്പെടുന്നു. പക്ഷേ, ഒരു മതത്തിനും സവിശേഷമായ പരിഗണന ഇന്ത്യൻ സ്റ്റേററ് നൽകുകയില്ല.
3. മതത്തെയോ വിശ്വാസത്തെയോ മുൻനിർത്തി ഒരു വ്യക്തിയോടും രാഷ്ട്രം വിവേചനം കാട്ടുകയില്ല.
4. ഏതു സർക്കാർ ഉദ്യോഗത്തിലും പ്രവേശിക്കാൻ എല്ലാ പൗരന്മാർക്കും തുല്യമായ അവകാശം ഉണ്ടായിരിക്കും. ഭരണഘടന വിഭാവനംചെയ്യുന്ന മതനിരപേക്ഷതയുടെ ഹൃദയവും ആത്മാവും രാഷ്ട്രത്തിലെ ഏററവും വലിയ ഉദ്യോഗം തേടുവാൻ ഇന്ത്യൻ പൗരന് അർഹത നൽകുന്ന രാഷ്ട്രീയ സമത്വം ആകുന്നു. വ്യക്തിയുടെ അന്തസ്സിനും രാഷ്ട്രത്തിന്റെ ഐക്യത്തിനും ഉറപ്പു നൽകുന്ന ഇന്ത്യൻ പൗരന്മാരുടെ കൂട്ടായ്മ സൃഷ്ടിക്കുന്നതിനാവശ്യമായ ചുററുപാടുകൾ ഈ സമത്വത്തിൽനിന്ന് ഉളവാകുന്നു.

ഇന്ത്യയിൽ ജനാധിപത്യത്തിനും പാർലമെൻററി ഭരണസമ്പ്രദായത്തിനും വിലയിടിഞ്ഞതുപോലെ, മതനിരപേക്ഷതയുടെ ചൈതന്യവും ക്ഷയിച്ചുകൊ

ണ്ടിരിക്കുകയാണെന്ന് പ്രൊഫ. പൈലി കരുതുന്നു. മതഭ്രാന്ത്, ആക്രാമകമായ മതമഹത്ത്വവാദം (ഷോവിനിസം), മതമൗലികവാദം എന്നിവ മതനിരപേക്ഷതയെന്ന ആദർശത്തിനു ഭീഷണിയായിത്തീർന്നിരിക്കുന്നു. 'നെഹ്റുവിന്റെ കാലത്തു കാണാതിരുന്ന ഹിന്ദു ഉഗ്രവാദം (മിലിട്ടൻസി) നാട്ടനീളെ ഇന്നു കാണുന്നുണ്ട്. ഇക്കഴിഞ്ഞ പത്തു വർഷങ്ങളിലാണ് ഇതു ശക്തിയാർജിച്ചത്. ന്യൂനപക്ഷങ്ങളുടെ വോട്ടുനേടുവാനുള്ള ഭരണകക്ഷിയുടെ തന്ത്രമാണ് മതനിരപേക്ഷതയെന്ന് ഉഗ്രവാദികൾ കരുതുന്നു. അവരുടെ അഭിപ്രായത്തിൽ മുസ്ലീം പ്രീണനത്തിന്റെ പര്യായം മാത്രമാണ് മതനിരപേക്ഷത.

'ഹിന്ദു സമൂഹത്തിനകത്തുതന്നെ ഭരണഘടനയിൽ പ്രത്യേക സംരക്ഷണം നൽകപ്പെട്ടിട്ടുള്ള പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും പുറമേ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ പ്രത്യേക സംരക്ഷണങ്ങൾ നേടിയെടുക്കുന്നതിനായി സംഘടിച്ചുകൊണ്ടിരിക്കുകയാണ്. ജാതി അടിസ്ഥാനത്തിലുള്ള പ്രസ്ഥാനങ്ങൾ നാട്ടിലെ പല ഭാഗങ്ങളിൽ പല രൂപങ്ങൾ കൈക്കൊണ്ടിരിക്കുന്നു. മുമ്പൊരിക്കലും ഉണ്ടാകാത്തവിധത്തിൽ മതനിരപേക്ഷതയെന്ന ആദർശത്തെ അവ ഭീഷണിപ്പെടുത്തുന്നു.

'മതനിരപേക്ഷ രാഷ്ട്രത്തെ ദുർബലമാക്കിക്കൊണ്ട് വ്യത്യസ്ത ഹിന്ദുവിഭാഗങ്ങൾ ജാതി—അടിസ്ഥാനത്തിൽ സംഘടിച്ചുകൊണ്ടിരിക്കേ ഏതാനും വർഷങ്ങളായി രണ്ടു പ്രബല ന്യൂനപക്ഷ സമുദായങ്ങളായ മുസ്ലീങ്ങളും സിഖുകാരും മതനിരപേക്ഷതയ്ക്കു വലിയ വിപത്തു വരുത്തിവെച്ചുകൊണ്ടിരിക്കുകയാണ്. പശ്ചിമേഷ്യയിൽ വേരുള്ള ഒരു സാർവലൗകിക ഇസ്ലാം പ്രസ്ഥാനത്തിന്റെ ഭാഗമാണ് ഇന്ത്യയിലെ മുസ്ലീം വർഗീയവാദമെന്നു തോന്നുന്നു. ഇതിന്റെ സ്വാധീനത്തിൽ ഇന്ത്യയിലെ അഭ്യസ്തവിദ്യരായ മുസ്ലീങ്ങൾകൂടി ഇന്നു മതമൗലികവാദനിലപാടു കൈക്കൊള്ളുന്നു; വളരെ കാലമായി നിലനിൽക്കുന്ന സാമൂഹ്യതിന്മകൾ പരിഹരിക്കുന്നതിന് ഉദ്ദേശിക്കപ്പെട്ട പൊതുനിയമത്തിൽ നിന്നു തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്നു....സിഖുകാരുടെ മതമൗലികവാദനിലപാടു മതനിരപേക്ഷതയെന്ന ആദർശത്തെ അർഥശൂന്യമാക്കിയിരിക്കുന്നു. സിഖ് മതമൗലികവാദം ഇന്ത്യയുടെ ഐക്യത്തേയും അഖണ്ഡതയേയും തള്ളിപ്പറയുന്നു; സിഖുകാർക്ക് ഒരു സ്വതന്ത്രരാഷ്ട്രം ആവശ്യപ്പെടുന്നു. ഈ ലക്ഷ്യം നേടാൻ അതു് എല്ലാത്തരം അക്രമങ്ങളെയും ഉപയോഗപ്പെടുത്തുന്നു. ഇന്ത്യയിലെ മതനിരപേക്ഷതയ്ക്ക് ഏറ്റവും വലിയ വിപത്തത്രേ പഞ്ചാബ് പ്രശ്നം; അതു മതനിരപേക്ഷതയുടെ അസ്തിവാരംപോലും തോണ്ടുന്നു.'

നെഹ്റു വിഭാവനംചെയ്ത മതനിരപേക്ഷതയ്ക്കു മൂന്നു രാഷ്ട്രീയലക്ഷ്യങ്ങൾ ഉണ്ടായിരുന്നുവെന്ന് പ്രൊഫ. എം. എം. തോമസ് സെമിനാറിൽ സമർപ്പിച്ച തന്റെ പ്രബന്ധത്തിൽ ചൂണ്ടിക്കാണിച്ചു. ഭൂരിപക്ഷങ്ങളും ന്യൂനപക്ഷങ്ങളും 'ഒരേ വീട്ടിൽ സഹവർത്തിക്കുക' (കോ—എക്സിസ്റ്റൻസ് അറ്റ് ഹോം) എന്നതായിരുന്നു ഒന്നാമത്തെ ലക്ഷ്യം. ഇന്ത്യയിലെ മതപരവും സാംസ്കാരികവും ഭാഷാപരവുമായ ബഹ്വാത്മകതയ്ക്ക് ഊനം തട്ടാതെ, എല്ലാ ജനവിഭാഗങ്ങളും ഇന്ത്യൻ ജനാധിപത്യത്തിന്റെ വികസനത്തിനുവേണ്ടി പരിശ്രമിക്കുന്നതിനുള്ള സാഹചര്യം ഉളവാക്കാൻ ഈ സഹവർത്തിത്വം ആവശ്യമാണ്. ഈ സഹവർത്തിത്വം എല്ലാ ജനസമൂഹങ്ങളുടെയും ആധുനികീകരണത്തിലേക്കു നയിക്കണമെന്നതാണ് മതനിരപേക്ഷതയുടെ രണ്ടാമത്തെ ലക്ഷ്യം. മൂന്നാമതായി, സഹവർത്തിത്വത്തേയും ബഹ്വാത്മകതയേയും പുതിയ ജനാധിപത്യ—മാനവവാദത്തേയും ഇന്ത്യയുടെ സാംസ്കാരികപാരമ്പര്യത്തോട് ഉദ്ഗ്രഥിക്കുകയും വേണം.

തങ്ങൾക്കു പ്രത്യേക നിയോജകമണ്ഡലങ്ങൾ ആവശ്യമില്ലെന്ന് ഇന്ത്യൻ ക്രിസ്ത്യൻ സമുദായത്തിന്റെ പ്രതിനിധികൾ ഭരണഘടനാ നിർമാണസഭയിൽ പ്രഖ്യാപിച്ചതിനു പകരമായി, മതപരിവർത്തനത്തിനുള്ള സ്വാതന്ത്ര്യത്തെ

വ്യക്തികളുടെ മൗലികാവകാശങ്ങളിലൊന്നായി ഇന്ത്യയുടെ നേതാക്കൾ ഭരണഘടനയിൽ ഉൾപ്പെടുത്തുകയാണുണ്ടായതെന്നും ദേശീയ സമൂഹവും ക്രിസ്ത്യൻ സമൂഹവും തമ്മിൽ ഉണ്ടാക്കിയ ഒരു ഉടമ്പടി (കവനൻറ്) ആയിരുന്നു ഇതെന്നും പ്രൊഫ. തോമസ് പ്രസ്താവിച്ചു. ഈ ഉടമ്പടി ക്രിസ്ത്യൻ ന്യൂനപക്ഷത്തിൻെറ ഭയം ഇല്ലാതാക്കി; സ്വന്തം രാഷ്ട്രീയകക്ഷികൾ രൂപവത്കരിക്കുന്നതിൽനിന്ന് അവരെ അകററി നിർത്തുകയുംചെയ്തു. പക്ഷേ, ഈ ഉടമ്പടി ഇപ്പോൾ രണ്ടു ഭാഗത്തുനിന്നും ലംഘിക്കപ്പെടുകയാണെന്ന് പ്രൊഫ. തോമസ് കരുതുന്നു. പാർലമെൻററിൽ ഒ. പി. ത്യാഗി അവതരിപ്പിച്ച മതപരിവർത്തനം നിയന്ത്രിക്കുന്നതിനുള്ള ബില്ലും ഒറീസയിലേയും അരുണാചൽപ്രദേശിലേയും മതപരിവർത്തനവിരുദ്ധനിയമങ്ങളും കേരള കോൺഗ്രസ്സിനേയും തമിഴ്നാട് ക്രിസ്ത്യൻ പാർട്ടിയേയുംപോലുള്ള രാഷ്ട്രീയസംഘടനകളും ഈ ലംഘനത്തിൻെറ ഉദാഹരണങ്ങളായി അദ്ദേഹം ചൂണ്ടിക്കാട്ടുകയുംചെയ്തു.

മതപരിവർത്തനത്തിനുള്ള അവകാശത്തെ മൗലികാവകാശമായി ഭരണഘടനയിൽ ഉൾപ്പെടുത്തിയതു വിവേകപൂർവമായിരുന്നുവോ എന്ന സംശയം എൻെറ പ്രസംഗത്തിൽ ഞാൻ ഉന്നയിച്ചു. ഞാൻ പറഞ്ഞു: 'എനിക്കിവിടെ പറയാനുള്ളതു മുഖ്യമായും ഹിന്ദു വർഗീയവാദത്തെപ്പററിയാണ്. 'ഹിന്ദു വർഗീയവാദം' എന്ന് ഏകവചനമായി നാം പറയുന്നുണ്ടെങ്കിലും അതു് ഇപ്പോഴും പല ജാതി–സമ്പ്രദായ–വർഗീയവാദങ്ങളുടെ ഒരു സമ്മിശ്രം മാത്രമാകുന്നു. ഈ വ്യത്യസ്ത ജാതി–സമ്പ്രദായവാദങ്ങളെ ഉരുക്കിച്ചേർത്തു് ഏക ഘനമായ ഒരു ഹിന്ദു വർഗീയവാദം രൂപവത്കരിക്കുവാൻ വിശ്വഹിന്ദു പരിഷത്ത്, ആർ. എസ്. എസ്. മുതലായ സംഘടനകൾ ശ്രമിക്കുന്നുണ്ടെന്നതു ശരിതന്നെ. പക്ഷേ, ഭാവിയിൽ എന്നെങ്കിലും ഈ ലക്ഷ്യം നേടാൻ അവർക്കു കഴിയുമോ എന്നതിൽ എനിക്കു സംശയമുണ്ട്. ഹിന്ദുസമൂഹത്തിലെ ഒരു ജാതിക്കും ഒരു സമ്പ്രദായത്തിനും ഒരു പ്രദേശത്തും ഭൂരിപക്ഷമില്ല. ഈ ജാതികളും സമ്പ്രദായങ്ങളും തമ്മിലുള്ള ബന്ധം ഒരിടത്തും സൗഹാർദപരമല്ല; മറിച്ചു ശത്രുതാപരമാണ്. അതിനാൽ ഓരോ ജാതിയും സമ്പ്രദായവും ഭീഷണമായ അരക്ഷിതത്വബോധം അനുഭവിക്കുന്നുമുണ്ട്. മറെറല്ലാ ജാതികളും സമ്പ്രദായങ്ങളും ചേർന്നുണ്ടായ നിർദയമായ ഭൂരിപക്ഷത്തിനെതിരെ നൈരാശ്യം നിറഞ്ഞ ഒരു ന്യൂനപക്ഷമാണ് തങ്ങളെന്ന് ഓരോ ജാതിയും സമ്പ്രദായവും കരുതുന്നു. ബ്രാഹ്മണർ, 'ഉയർന്ന' ജാതിക്കാർ, പിന്നോക്കസമുദായക്കാർ, പട്ടികജാതിക്കാർ, ഗോത്രവർഗക്കാർ—എല്ലാ ഹിന്ദു സമൂഹങ്ങളുടെയും ഇന്നത്തെ മനോഗതി ഇതാണ്.

'മതപരിവർത്തനത്തെ ഹിന്ദുമതം അനുകൂലിക്കുന്നില്ല. ഹിന്ദുമതത്തിലേക്കു പരിവർത്തനംചെയ്യുന്നതിനുള്ള കർമങ്ങളെപ്പററി സ്മൃതികൾ പ്രതിപാദിക്കുന്നില്ല. ആര്യസമാജക്കാരെപ്പോലുള്ള ചിലർ മററു മതങ്ങളിൽനിന്നു ഹിന്ദുമതത്തിലേക്ക് ആളുകളെ ചേർക്കാൻ തുടങ്ങിയതു് അടുത്ത കാലത്തു മാത്രമാണ്. ശതാബ്ദങ്ങളായി ജനപ്രവാഹം ഹിന്ദുമതത്തിൽനിന്നു മററു മതങ്ങളിലേക്കായിരുന്നു; മറിച്ചല്ല. രാഷ്ട്രീയാധികാരത്തിൻെറ അടിസ്ഥാനം ജനങ്ങളുടെ എണ്ണപ്പെരുപ്പം അല്ലാതിരുന്ന കാലത്തോളം ഹിന്ദുക്കൾക്ക് ഇതിൽ എതിർപ്പുണ്ടായിരുന്നുമില്ല.

'ഇപ്പോൾ ജനാധിപത്യം നിലവിൽവന്നിരിക്കുന്നു. ജനങ്ങളുടെ എണ്ണപ്പെരുപ്പത്തിൽനിന്നാണ് രാഷ്ട്രീയാധികാരം ഉത്ഭവിക്കുന്നതെന്ന് കാലം വൈകിയിട്ടാണെങ്കിലും ഹിന്ദുക്കൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. ഭരണഘടനയിൽ മൗലികാവകാശമായി ഉൾപ്പെടുത്തിയ മതപരിവർത്തനത്തിനുള്ള അവകാശം സ്ഥിരമായി ഉപയോഗപ്പെടുത്തിവരുന്നുണ്ടെന്നും ഇതു് ഹിന്ദുക്കളുടെ എണ്ണത്തിൽ നിരന്തരം കുറവു വരുത്തിക്കൊണ്ടിരിക്കുകയാണെന്നും അവർ ഇപ്പോൾ അറിയുന്നു. ചില സംസ്ഥാനങ്ങളിൽ അഹിന്ദുസമൂഹങ്ങളുടെ സാന്ദ്രത കാണിക്കുന്ന പട്ടിക നോക്കുക.

| | | |
|---|---|---|
| 1. | ജമ്മു കാശ്മീർ | 65 ശതമാനം മുസ്ലിം, 7 ശതമാനം സിഖ് |
| 2. | പടിഞ്ഞാറെ ബംഗാൾ | 20 ശതമാനം മുസ്ലിം |
| 3. | അസം | 24 ശതമാനം മുസ്ലിം |
| 4. | കേരളം | 20 ശതമാനം മുസ്‌ലിം, 21 ശതമാനം ക്രിസ്ത്യൻ |
| 5. | ഗോവ | 31 ശതമാനം ക്രിസ്ത്യൻ |
| 6. | മണിപ്പൂർ | 27 ശതമാനം ക്രിസ്ത്യൻ |
| 7. | മേഘാലയം | 47 ശതമാനം ക്രിസ്ത്യൻ, 32 ശതമാനം ഹിന്ദുക്കളല്ലാത്ത ആദിവാസികൾ |
| 8. | മിസോറം | 86 ശതമാനം ക്രിസ്ത്യൻ |
| 9. | നാഗാലാൻഡ് | 67 ശതമാനം ക്രിസ്ത്യൻ, 21 ശതമാനം ഹിന്ദുക്കളല്ലാത്ത ആദിവാസികൾ |
| 10. | അരുണാചൽപ്രദേശ് | 63 ശതമാനം ഹിന്ദുക്കളല്ലാത്ത ആദിവാസികൾ |

(ഇന്ത്യ— എ കൺട്രി സ്റ്റഡി, 1985)

ഈ കണക്ക് 1971—ലേതാണ്. തുടർന്നുള്ള വർഷങ്ങളിൽ ഈ പ്രദേശങ്ങളിലെ ഹിന്ദുക്കളുടെ ശതമാനം കുറഞ്ഞിരിക്കാനാണു സാദ്ധ്യത.

മതപരിവർത്തനം സാധാരണയായി, സ്ഥിരമല്ലെങ്കിലും നിശ്ശബ്ദമായ ഒരു പ്രക്രിയയാണ്. പക്ഷേ, 1981—ൽ തമിഴ്നാട്ടിലെ മീനാക്ഷിപുരത്തെന്നപോലെ, പ്രകടനാത്മകതയോടെ സമൂഹ-മതപരിവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുമ്പോൾ നാട്ടിലാകെ ഹിന്ദുക്കൾക്കിടയിൽ ഇവ പരിഭ്രാന്തി വളർത്തുന്നു.

മതനിരപേക്ഷതയ്ക്ക് പണ്ഡിറ്റ് നെഹ്റു കല്പിച്ച രാഷ്ട്രീയലക്ഷ്യങ്ങളിൽ ആദ്യത്തേതു ഭൂരിപക്ഷങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും ഒരേ വീട്ടിലെ സഹവർത്തിത്വം ആണെന്ന് പ്രൊഫ. തോമസ് പ്രസ്താവിക്കുകയുണ്ടായി. 'ഒരേ വീട്ടിലെ സഹവർത്തിത്വം' എന്ന സങ്കല്പനത്തെ നെഹ്റു ഇങ്ങനെ വിവരിച്ചിട്ടുണ്ട്:

'എല്ലാ കാര്യങ്ങളിലും ന്യൂനപക്ഷത്തെ തൃപ്തിപ്പെടുത്തേണ്ടതു ഭൂരിപക്ഷത്തിന്റെ കടമയാണ്.' ഭൂരിപക്ഷമാണെന്നതുകൊണ്ടുതന്നെ ഭൂരിപക്ഷത്തിനു് അതിന്റെ ഇഷ്ടം നടത്താം; അതിനു സംരക്ഷണം ആവശ്യമില്ല. ഭാഷാ—മത ന്യൂനപക്ഷങ്ങളുടെ ആഗ്രഹങ്ങൾ ശ്രദ്ധിക്കുകയും ഈ ന്യൂനപക്ഷങ്ങളെ തങ്ങൾക്ക് അനുകൂലങ്ങളാക്കുകയുംചെയ്യേണ്ടതു് ഭൂരിപക്ഷസമുദായത്തിന്റെ കർത്തവ്യവും ഉത്തരവാദിത്തവുമാണ്.

'സഹവർത്തിത്വം എന്ന സങ്കല്പനത്തെപ്പറ്റി ചിന്തിക്കുമ്പോൾ പരസ്പരം ആക്രമിക്കാതിരിക്കൽ സഹവർത്തിത്വത്തിന്റെ മുൻ ഉപാധി ആണെന്നു നാം മറക്കരുതു്. ആക്രമണം നിലനിൽക്കെ സഹവർത്തിത്വം സാദ്ധ്യമല്ല. തങ്ങളിൽനിന്നു ചിലരെ മറ്റു മതങ്ങളിലേക്കു പരിവർത്തനംചെയ്യുന്നതു് ഒരുതരം ആക്രമണമായേ എല്ലാ സമുദായങ്ങളും കരുതുന്നുള്ളൂ. സ്വന്തം മതം കൈവിട്ടു മറ്റൊരു മതം സ്വീകരിക്കുന്നതു വധശിക്ഷ അർഹിക്കുന്ന കുറ്റമായി കണക്കാക്കുന്ന സമുദായങ്ങളുമുണ്ട്. ഹിന്ദുക്കളെ മറ്റു മതങ്ങളിലേക്കു പരിവർത്തിപ്പിക്കുമ്പോൾ സ്വാഭാവികമായും ഹിന്ദുക്കൾ അസ്വസ്ഥരാകുന്നു; മതപരിവർത്തനം തങ്ങളുടെ സമുദായത്തിനെതിരെ നടത്തുന്ന ഒരു ആക്രമണമാണെന്ന് അവർ കരുതുകയുംചെയ്യുന്നു.

'ഞാൻ ആദ്യം പറഞ്ഞതുപോലെ, മിക്ക ഹിന്ദു—ജാതികൾക്കും സമ്പ്രദായങ്ങൾക്കും ഇപ്പോഴുള്ളതു ന്യൂനപക്ഷമനഃസ്ഥിതിയാണ്. അവർ ഭൂരിപക്ഷമാണെന്നും ന്യൂനപക്ഷങ്ങളെ തൃപ്തിപ്പെടുത്തേണ്ടതു് അവരുടെ കടമയാണെന്നും അവരെ ബോദ്ധ്യപ്പെടുത്തുക, പ്രയാസംതന്നെ. സ്വാമി ചിന്മയാനന്ദജിയെപ്പോ

ലുള്ള ബുദ്ധിജീവികൾപോലും ഹിന്ദു വോട്ട് ബാങ്കുകൾ ഉണ്ടാക്കണമെന്നു പറയുന്നതിലെ യുക്തി—അതു തികച്ചും ഏകപക്ഷീയമാവാം— ഇതാകുന്നു.

'ഇന്ത്യയിൽ ജാതി–മത–വർഗവിരോധങ്ങൾ ദിനംപ്രതി ശക്തി പ്രാപിക്കുകയാണെന്ന വസ്തുത ഗൗരവമായി കണക്കിലെടുത്തു മതതത്ത്വങ്ങൾ പ്രചരിപ്പിക്കുന്നതിൽനിന്ന് (പ്രോപ്പഗേറ്റ്) വ്യത്യസ്തമാണ് മതം മാറ്റൽ (പ്രോസലൈറ്റ്) എന്നു തീരുമാനിക്കേണ്ട സമയമായില്ലേ എന്ന് നാം ആലോചിക്കേണ്ടതല്ലേ? സ്വന്തം മതതത്ത്വങ്ങൾ പ്രചരിപ്പിക്കുക ഓരോ ഇന്ത്യൻ പൗരൻെറയും ജന്മാവകാശം ആയിരിക്കണം; അതേ സമയം മറ്റുള്ളവരെ മതം മാറ്റുക ശിക്ഷാർഹമായ ഒരു കുറ്റം ആയിരിക്കേണ്ടതല്ലേ? താൻ വിശ്വസിക്കുന്ന മതം ആചരിക്കാനും അനുഷ്ഠിക്കാനും അതിനെപ്പറ്റി പറയാനും എല്ലാവർക്കും സ്വാതന്ത്ര്യം ഉണ്ടാവണം. പക്ഷേ, പല തരത്തിലുള്ള പ്രലോഭനങ്ങളിൽ കുടുക്കി സമൂഹങ്ങളെ കൂട്ടത്തോടെ മതപരിവർത്തനം നടത്തുന്നതിനു ചെയ്യുന്ന സംഘടിതപരിശ്രമങ്ങൾ ഏതു പരിഷ്കൃതസമൂഹത്തിനും അനിഷ്ടകരമായിരിക്കാനേ തരമുള്ളൂ.'

# 19. രാമശിലകൾ

'ലോകത്തിലെ ഏറ്റവും വലിയ തീർത്ഥാടനം' എന്നു വിവരിക്കപ്പെട്ടിട്ടുള്ള പ്രയാഗിലെ (അലഹാബാദിലെ) കുംഭമേള, ഇതെഴുതുമ്പോൾ ഗംഗയുടെയും യമുനയുടെയും അന്തസ്സലിലയായ സരസ്വതിയുടെയും സംഗമസ്ഥലത്തു നടന്നുകൊണ്ടിരിക്കുകയാണ്. ജനവരി–ഫെബ്രുവരിമാസങ്ങളിലായി നാല്പത്തഞ്ചു ദിവസം നീണ്ടുനില്ക്കുന്ന ഈ തീർത്ഥാടനത്തിലെ മുഖ്യമായ ചടങ്ങ് ഗംഗാസ്നാനമാകുന്നു. ഫെബ്രുവരി 6–ാം തീയതി വ്യാഴം മേടം രാശിയിലും സൂര്യചന്ദ്രന്മാർ മകരം രാശിയിലും പ്രവേശിച്ച 'മൗനി അമാവാസ്യ' നാൾ ഒന്നരക്കോടി ഭക്തജനങ്ങളാണത്രെ സംഗമത്തിൽ സ്നാനംചെയ്തത്.

പ്രയാഗിൽ ഗംഗാ–യമുനാസംഗമത്തിലും ഹരിദ്വാറിൽ ഗംഗാതീരത്തും ഉജ്ജയിനിയിൽ ശിപ്രാനദീതീരത്തും നാസിക്കിൽ നർമദാതീരത്തുമായി മൂന്നു വർഷം ഇടവിട്ട് കുംഭമേള നടക്കാൻ തുടങ്ങിയിട്ട് എത്രയോ ശതാബ്ദങ്ങളായി. നാലു സ്ഥലങ്ങളിൽ ക്രമത്തിൽ സംഘടിപ്പിക്കപ്പെടുന്നതിനാൽ ഓരോ സ്ഥലത്തും പന്ത്രണ്ടു വർഷങ്ങളിലൊരിക്കലേ ഈ ഉത്സവം നടക്കുന്നുള്ളൂ. പതിമൂന്നു ശതവർഷങ്ങൾ മുമ്പ് ഹർഷചക്രവർത്തിയുടെ കാലത്ത് പ്രയാഗിൽ നടന്ന കുംഭമേളയുടെ വിശദമായ വിവരണം യുവാൻ ചാങ് എന്ന ചൈനീസ് ബൗദ്ധഭിക്ഷു നൽകിയിട്ടുണ്ട്. ക്രിസ്തുവർഷം 1554–ൽ കുംഭമേള നടക്കുമ്പോൾ അക്ബർ ചക്രവർത്തി പ്രയാഗിൽ സന്നിഹിതനായിരുന്നു.

കുംഭമേളയുടെ ചടങ്ങുകൾ ഇന്നു കാണുന്ന രൂപത്തിൽ വ്യവസ്ഥപ്പെടുത്തിയത് ആദിശങ്കരാചാര്യരാണെന്നു വിശ്വസിക്കപ്പെടുന്നു. പല ആചാരങ്ങൾ അനുഷ്ഠിക്കുകയും വ്യത്യസ്തങ്ങളായ വിശ്വാസങ്ങൾ പുലർത്തുകയുംചെയ്യുന്ന ഹൈന്ദവ സന്ന്യാസി സംഘടനകൾക്കിടയിൽ മൗലികമായ ഐക്യം നിലനിർത്തുന്നതിനായി പന്ത്രണ്ടു വർഷങ്ങളിലൊരിക്കൽ കുംഭമേള നടക്കുന്ന അവസരത്തിൽ ഈ സന്ന്യാസിമാർ പ്രയാഗിൽ സമ്മേളിക്കുകയും തങ്ങൾക്കിടയിലുള്ള സൈദ്ധാന്തികഭിന്നതകൾ ചർച്ചകളിലൂടെ പരിഹരിക്കുകയും അടുത്ത പന്ത്രണ്ടു വർഷങ്ങളിൽ അനുഷ്ഠിക്കേണ്ട മതപരമായ കാര്യങ്ങൾ തീരുമാനിക്കുകയുംചെയ്യണമെന്ന ശങ്കരാചാര്യരുടെ നിർദേശം ഇന്നോളം പാലിക്കപ്പെട്ടുവന്നിട്ടുണ്ട്. മതകാര്യങ്ങളിലല്ലാതെ ഭരണകാര്യങ്ങളിൽ സന്ന്യാസിമാർ കൈകടത്താത്തതുകൊണ്ടാവാം മുസ്ലിം ഭരണകാലത്തോ ബ്രിട്ടീഷ് ഭരണകാലത്തോ കുംഭമേളയുടെ നടത്തിപ്പിൽ സർക്കാരിൻെറ ഭാഗത്തുനിന്ന് ഒരു ഇടപെടലും ഉണ്ടായിട്ടില്ല.